**പതിനഞ്ചാം കേരള നിയമസഭ**

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023-2026)

## അഞ്ചാമത് റിപ്പോർട്ട്

**(2023 ജനവരി 1 മുതൽ 2023 ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**

(2024 ഒക്ടോബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023-2026)

## അഞ്ചാമത് റിപ്പോർട്ട്

(2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

(2024 ഒക്ടോബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1282/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 35 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. ആൻസലൻ, എം.എൽ.എ*

ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.

ശ്രീമതി സി. കെ. ആശ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. മുഹമ്മദ് മുഹസിൻ, എം.എൽ.എ.

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

ശ്രീ. കെ. എം. സച്ചിൻ ദേവ്, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ , ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

---

*14-12-2023-ലെ ബുള്ളറ്റിൻ നമ്പർ 447 പ്രകാരം സമിതി പുന:സംഘടിപ്പിക്കുകയും ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യ്ക്ക് പകരമായി ശ്രീ. കെ. ആൻസലൻ, എം.എൽ.എ.-യെ സമിതി അംഗമായി ഉൾപ്പെടുത്തുകയും ചെയ്തു.

# ആമുഖം

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2023-2026)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി (2021-2023)-യുടെ പരിഗണനയിൽ വന്ന വിഷയങ്ങൾ, സമിതി നിർദേശങ്ങൾ, വ്യക്തികളിൽ നിന്നും സംഘടനാ പ്രതിനിധികളിൽ നിന്നും ലഭിച്ച ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

9-10-2024-ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ഒക്ടോബർ 14.

ശ്രീ. കെ. വി. സുമേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 261 (O) പ്രകാരം 31-7-2010-ന് രൂപീകൃതമായി. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 261 (P)-യിൽ സമിതിയുടെ കർത്തവ്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പതിനഞ്ചാം കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി 2021 ജൂൺ 15-ന് രൂപീകൃതമായി.

2. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുക, വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സമിതിയ്ക്ക് ലഭിക്കുന്ന പരാതികളും നിർദേശങ്ങളും പരിശോധിച്ച് പരിഹാര മാർഗങ്ങൾ നിർദേശിക്കുക, കേന്ദ്രാവിഷ്കൃത യുവജനക്ഷേമ പദ്ധതികളുടെ നടത്തിപ്പിന് നേതൃത്വം നൽകുക, യുവജനക്ഷേമ പദ്ധതികൾക്കായി അനുവദിക്കുന്ന സർക്കാർ ഫണ്ട് ശരിയായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, യുവജനക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സ്വയംതൊഴിൽ പരിശീലന പദ്ധതികൾ, സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ, കായിക സാംസ്കാരിക പദ്ധതികൾ, വിനോദ സഞ്ചാര പദ്ധതികൾ, പൊതുവിദ്യാഭ്യാസ പദ്ധതികൾ എന്നിവയിൽ യുവജന പങ്കാളിത്തം മെച്ചപ്പെടുത്താൻ നേതൃത്വം നൽകുക, യുവജനങ്ങളെയും യുവജനക്ഷേമത്തെയും സംബന്ധിച്ച് സഭയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിശോധിക്കുക, സഭയോ സ്പീക്കറോ പ്രത്യേകം റഫർ ചെയ്യുന്ന വിഷയങ്ങളും സമിതിയ്ക്ക് ഉചിതമെന്ന് തോന്നുന്ന വിഷയങ്ങളും ഹർജിയായി പരിഗണിച്ച് നടപടി സ്വീകരിക്കുക തുടങ്ങിയവയാണ് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങൾ.

3. സമിതിയ്ക്ക് ലഭിക്കുന്ന വിവിധ ഹർജികളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് പരാതി വിഷയം പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങളും ശിപാർശകളും സർക്കാരിന് നൽകുകയാണ് സമിതിയുടെ പ്രധാന ചുമതല. വിവിധ ഹർജികളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ അധിക വിവരം ആവശ്യപ്പെടുകയും ആവശ്യമുള്ളപക്ഷം ഹർജിക്കാരിൽ നിന്നും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുക്കുകയും ചെയ്യുന്നു. കൂടാതെ സമിതിയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രത്യേക വിഷയങ്ങളിൽ പഠനം നടത്തുകയും അതിന്റെ ഭാഗമായി സ്ഥല സന്ദർശനവും, തെളിവെടുപ്പും നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി റിപ്പോർട്ടുകൾ തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

4. ബഹു. സ്പീക്കർ നാമനിർദേശം ചെയ്യുന്ന ഒരു അധ്യക്ഷനും എട്ട് അംഗങ്ങളുമുൾപ്പെട്ടതാണ് സമിതിയുടെ ഘടന.

5. 2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2021-2023)-യുടെ പ്രവർത്തനങ്ങളുടെയും, വിദ്യാഭ്യാസ വായ്പ, പി.എസ്.സി. നിയമനം തുടങ്ങി യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സമിതി മുമ്പാകെ ലഭിച്ച ഹർജികളിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

6. സമിതി (2021-2023), 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ 19 യോഗങ്ങൾ ചേരുകയുണ്ടായി.

7. റിപ്പോർട്ടുകാലയളവിൽ സമിതി പരിഗണിച്ച സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

**റിപ്പോർട്ട് കാലയളവിൽ സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ടതും പ്രസക്തവുമായ ഹർജികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു**

1. അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. അരുൺ രാജ്. എൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20872/വൈ.എ.സി.1/2020/ലെജി.)

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ലെന്നും പ്രൊഫസർ തസ്തികയിൽ പത്തും അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ആറും ഒഴിവുകളുണ്ടെന്നും യഥാസമയം സ്ഥാനക്കയറ്റം നടത്തിയാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 16 ഒഴിവുകൾ ഉണ്ടാവുകയും അതുവഴി നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും 16 ഉദ്യോഗാർഥികൾക്ക് നിയമനം ലഭിക്കുകയും ചെയ്യുമെന്നും അതിനാൽ സ്ഥാനക്കയറ്റം നല്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ഹർജിക്കാരൻ 20-10-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 10-11-2020 തീയതിയിലെ കത്ത് മുഖേന ഉന്നത വിദ്യാഭ്യാസം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ് 11-1-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, തസ്തികകളിലേയ്ക്കുള്ള റഗുലർ സ്ഥാനക്കയറ്റങ്ങൾ കാലാകാലങ്ങളായി നിരവധി കോടതി വിധികളിലും മറ്റും പെട്ട് തടസ്സപ്പെട്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ഏറ്റവും ഒടുവിൽ 7-3-2019-ൽ സർക്കാർ സ്ഥാനക്കയറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ആയതിനെതിരെ നിരവധി അധ്യാപകർ ബഹു. ട്രിബ്യൂണൽ, ഹൈക്കോടതി, സുപ്രീം കോടതി എന്നിവയെ സമീപിക്കുകയുമുണ്ടായി. 3-12-2020-ലെ ബഹു. ഹൈക്കോടതിയുടെ OP (KAT) നമ്പർ 133/2019-ലെയും അനുബന്ധ ഹർജികളിലെയും വിധിന്യായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ടി വിധിന്യായം നടപ്പാക്കിക്കൊണ്ട് 11-11-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 504/2021/ഉ.വി.വ. ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങളായി സെലക്റ്റ് ലിസ്റ്റ് സർക്കാർ അംഗീകരിക്കുകയും, സർക്കാർ ഉത്തരവ് (കൈ) നമ്പർ 505/2021/ഉ.വി.വ. തീയതി 11-11-2021-ഉം തുടർ ഉത്തരവുകളും വഴി വിവിധ വിഭാഗങ്ങളായി സ്ഥാനക്കയറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുകയുമുണ്ടായി. ടി ഉത്തരവുകളിൽ ചില അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് 18-11-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 535/2021/ഉ.വി.വ. പ്രകാരം പരാതികൾ പരിഹരിച്ച്, 30-11-2021 വരെയുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയെ (5-10-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1326/2021/ഉ.വി.വ. പ്രകാരം രൂപീകൃതമായത്) ചുമതലപ്പെടുത്തുകയും, ടി കമ്മിറ്റി അപാകതകൾ പരിശോധിച്ച് പുതുക്കിയ സ്ഥാനക്കയറ്റ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇക്കാര്യം ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിൽ ഇരിക്കുന്ന വിഷയം കൂടിയാണ്.

സ്ഥാനക്കയറ്റം നടപ്പാക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ 17-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 346/2021/ഉ.വി.വ. ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങളിൽ നിലവിൽ ഒഴിവുള്ള പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ താൽക്കാലികമായി തരംതാഴ്ത്തി നിയമനം നൽകുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.”

പ്രസ്തുത ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 22-2-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട പൊതുനിർദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും നൽകുക എന്നതാണ് ഈ വകുപ്പിന്റെ ചുമതല. അതിനു വേണ്ട നിർദേശങ്ങൾ ഈ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. ഓരോ കലണ്ടർ വർഷവും വിവിധ വകുപ്പുകളിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ

മുൻകൂട്ടി കണക്കാക്കി കേരള പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നിയമന അധികാരികൾക്കും/വകുപ്പ് മേധാവികൾക്കും നിർദേശം നൽകി വരുന്നുണ്ട്. 2020 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 20-9-2019-ലെ ഉ.പ.സി.3/103/2019/ഉ.പ.ഭ.വ. നമ്പർ സർക്കുലറിലൂടെയും, 2021 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ 12-9-2020-ലെ ഉപസി3/116/2020/ഉ.പ.ഭ.വ നമ്പർ സർക്കുലറിലൂടെയും എല്ലാ നിയമന അധികാരികൾക്കും/വകുപ്പ് മേധാവികൾക്കും നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശ പ്രകാരം എല്ലാ വകുപ്പ് മേധാവികളും/നിയമന അധികാരികളും അതത് വകുപ്പിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കാണ് ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത്. അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിലെ റാങ്ക് പട്ടികയുടെ കാലാവധി 21-11-2021-ന് അവസാനിച്ചിട്ടുണ്ട്.

പ്രസ്തുത റാങ്ക് പട്ടികയിലെ പട്ടികജാതി വിഭാഗം സപ്ലിമെന്ററി പട്ടികയിൽ ഒന്നാം റാങ്കായി ഉൾപ്പെട്ടിരുന്ന ഹർജിക്കാരൻ ശ്രീ. അരുൺ രാജ് എൻ.-ന് 3-9-2021-ൽ ടി തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 26-4-2023-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരന് നിയമനം ലഭിച്ചതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

2. വെറ്ററിനറി സർജൻ തസ്തികയിലെ നിയമനം സംബന്ധിച്ച് ഡോ. ലക്ഷ്മി ജെ. ദാസ്, ഡോ. സിതാര എം. എസ്. മുതൽപേരും, വെറ്ററിനറി റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. വിഷ്ണു പ്രകാശ് മുതൽപേരും സമർപ്പിച്ച ഹർജികൾ.

(ഫയൽ നം. 20592/വൈ.എ.സി2/2020/ലെജി.)

കാറ്റഗറി നമ്പർ 279/2016 പ്രകാരമുള്ള വെറ്ററിനറി സർജൻ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-12-2020-ന് അവസാനിക്കുന്നതാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും വളരെ കുറച്ച് നിയമനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്നും പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിച്ച് കൂടുതൽ ഉദ്യോഗാർഥികൾക്ക് നിയമനം നൽകാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും യഥാക്രമം 15-10-2020, 22-10-2020 തീയതികളിൽ സമർപ്പിച്ച ഹർജികളിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജികൾ റിപ്പോർട്ടിനായി 22-10-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഡോ. ലക്ഷ്മി ജെ. ദാസ്, ഡോ. സിതാര എം. എസ്. എന്നിവരുടെ ഹർജികളിന്മേൽ കൃഷി (മൃഗസംരക്ഷണ-ഇ) വകുപ്പ് 16-3-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"17-10-2020-ൽ അഡ്ഹോക് ഡി.പി.സി. ചേർന്ന ശേഷം 2-12-2020-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 5/2020/AHD പ്രകാരം നിലവിൽ വന്ന സെലക്ട് ലിസ്റ്റിൽ നിന്നും 7 വെറ്ററിനറി സർജന്മാർക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി 11-12-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 392/2020/AHD പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം സ്ഥാനക്കയറ്റം നൽകിയത് മുഖേന ഉണ്ടായ 7 വെറ്ററിനറി സർജൻ തസ്തികയിലെ ഒഴിവുകൾ 11-12-2020 തീയതിയിലെ പ്രൊഫോർമ ഐ. ഡി. 14625 പ്രകാരം മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ശ്രീ. വിഷ്ണു പ്രകാശിന്റെ ഹർജിയിന്മേൽ കൃഷി (മൃഗസംരക്ഷണ-ഇ) വകുപ്പ് 18-5-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"17-10-2020-ൽ അഡ്ഹോക് ഡി.പി.സി. ചേർന്ന ശേഷം 2-12-2020-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 5/2020/AHD പ്രകാരം നിലവിൽ വന്ന സെലക്ട് ലിസ്റ്റിൽ നിന്നും 7 വെറ്ററിനറി സർജന്മാർക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി 11-12-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 392/2020/AHD പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം സ്ഥാനക്കയറ്റം നൽകിയത് മുഖേന ഉണ്ടായ 7 വെറ്ററിനറി സർജൻ തസ്തികയിലെ ഒഴിവുകൾ 11-12-2020 തീയതിയിലെ പ്രൊഫോർമ ഐ. ഡി. 14625 പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വെറ്ററിനറി സർജൻ തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്."

26-4-2023-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ടുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ആലപ്പുഴ ജില്ലയിലെ എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങളിൽ കുറവ് വന്നിട്ടുള്ളതിനാൽ അതിന്മേൽ തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അശ്വിൻ ആർ., ആലപ്പുഴ സമർപ്പിച്ച ഹർജി.

(ഫയൽ നം. 21847/വൈ.എ.സി2/2020/ലെജി.)

ആലപ്പുഴ ജില്ലയിലെ എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങളിൽ കുറവ് വന്നിട്ടുള്ളതിനാൽ അതിന്മേൽ തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അശ്വിൻ ആർ.-ൽ നിന്നും 17-11-2020-ൽ ലഭിച്ച ഹർജി 3-12-2020-ലെ കത്ത് മുഖേന വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത ഹർജിയിന്മേൽ വ്യവസായ(പി.എസ്), പൊതുമരാമത്ത്(ബി), കൃഷി(ഇബി), വനം വന്യജീവി(എഫ്), പൊതുഭരണ(സി.ഇ. സെൽ), സാമൂഹ്യനീതി(എ), നികുതി(ഡി), ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഉപദേശ-സി), ആഭ്യന്തര(എൻ), ജലവിഭവ(എ), പൊതു വിദ്യാഭ്യാസ(ആർ) എന്നീ വകുപ്പുകൾ വിവിധ തീയതികളിലെ കത്തുകൾ മുഖേന റിപ്പോർട്ടുകൾ സമർപ്പിക്കുകയും സമിതി അവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 18-3-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കാണ് ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത്. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിന് ശേഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുവാൻ നിലവിലെ നിയമന ചട്ടങ്ങൾ പ്രകാരം കഴിയില്ല. ഹർജിയിൽ പരാമർശിക്കുന്ന ആലപ്പുഴ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് പട്ടികയുടെ കാലാവധി 29-6-2021-ന് അവസാനിക്കേണ്ടിയിരുന്നത് ആയിരുന്നുവെങ്കിലും കോവിഡ് വ്യാപന സാഹചര്യത്തിൽ, പി. എസ്. സി. പ്രസിദ്ധീകരിച്ചതും 5-2-2021-നും 3-8-2021-നും ഇടയിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി 4-8-2021 വരെ സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ പി. എസ്. സി. ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. അതിനാൽ 29-6-2021-ന് കാലാവധി അവസാനിക്കേണ്ടിയിരുന്ന പ്രസ്തുത റാങ്ക് പട്ടികയ്ക്ക് 4-8-2021 വരെ ഒരു മാസത്തിലേറെ അധിക കാലാവധി ലഭ്യമായിട്ടുണ്ട്. അക്കാലയളവിൽ ടി തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും പ്രസ്തുത റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് ലഭ്യമാകുന്നതാണ്.

അത്തരത്തിൽ കാലാവധി ദീർഘിപ്പിച്ചുനൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ മേൽ റാങ്ക് പട്ടികയിൽ 326-ാം റാങ്കായി ഉൾപ്പെട്ടിരുന്ന ഹർജിക്കാരൻ ശ്രീ. അശ്വിൻ ആർ.-ന് 19-7-2021-ൽ ടി തസ്തികയിൽ ഹോമിയോപ്പതി വകുപ്പിലേയ്ക്ക് പി. എസ്. സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്."

ഹർജിയിന്മേൽ ആഭ്യന്തര (എൻ) വകുപ്പ് 20-7-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിക്കാരന് 2021 ഡിസംബറിൽ പ്രസ്തുത ലാസ്റ്റ് ഗ്രേഡ് ലിസ്റ്റിൽ നിന്നും നിയമന ഉത്തരവ് കിട്ടിയിട്ടുള്ളതും തിരുവനന്തപുരം കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്."

പ്രസ്തുത റിപ്പോർട്ടുകൾ സമിതിയുടെ 26-4-2023-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരന് നിയമനം ലഭിച്ചതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

4. <u>ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ റേഡിയോഗ്രാഫർ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി സിന്ധു സി., കോഴിക്കോട് മുതൽപേർ സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 20466/വൈ.എ.സി.3/2020/ലെജി.)

ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി സിന്ധു സി, കോഴിക്കോട് സമർപ്പിച്ച 30-9-2020-ലെ ഹർജിയിൽ വയനാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ ടി.ബി. സെന്ററുകളിൽ ആറ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും കോട്ടത്തറയിലെ ആദിവാസി ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ റേഡിയോഗ്രാഫർ തസ്തികയിൽ നിയമിച്ച വ്യക്തി അനധികൃത ലീവിലാണെന്നും 'ആർദ്രം' പദ്ധതി പ്രകാരം നിരവധി ആശുപത്രികൾ നവീകരിക്കുകയും പുതിയ മെഷീനുകൾ സ്ഥാപിക്കുകയും ചെയ്തെങ്കിലും റേഡിയോഗ്രാഫർ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്നും പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നും ടി തസ്തികയിൽ നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഹർജിക്കാരി അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 31-3-2021-ലെ കത്ത് മുഖേന ആരോഗ്യ കുടുംബക്ഷേമ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ് 29-4-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ആർദ്രം മിഷന്റെ ഭാഗമായുൾപ്പെടെ സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി റേഡിയോഗ്രാഫർ / എക്സ്റേ ടെക്നീഷ്യൻ വിഭാഗത്തിൽ 23 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ റേഡിയോഗ്രാഫർമാരുടെ ഒഴിവുകൾ യഥാസമയം പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നതാണ്. ടി തസ്തികയുടെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അവസാന ഉദ്യോഗാർത്ഥിക്കും നിയമന ഉത്തരവ് നൽകിയിട്ടുള്ളതും ഹർജിക്കാരിയായ ശ്രീമതി സിന്ധു.സി.-യ്ക്ക് വയനാട് ടി. ബി. സെന്ററിൽ നിയമനം നൽകിയിട്ടുള്ളതുമാണെന്നും അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 26-4-2023-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരിക്ക് നിയമനം ലഭിച്ചതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

5. ദന്തൽ മെക്കാനിക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നും തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ഭാഗ്യരാജ് എം., കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20439/വൈ.എ.സി.1/ 2020/ലെജി.)

പി.എസ്.സി.യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി 7-10-2020-ൽ ചേർന്ന സമിതി യോഗം ഓൺലൈനായി ഉദ്യോഗാർഥികളുടെ പ്രതിനിധികളെ കേട്ടിരുന്നു. കാലാവധി കഴിയാറായ ദന്തൽ മെക്കാനിക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ ഭാഗ്യരാജ്.,കോഴിക്കോട് സമർപ്പിച്ച 11-10-2020 തീയതിയിലെ ഹർജിയിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള 134-ൽ പരം ദന്തൽ വിംഗുകളിൽ 180-ൽ പരം ദന്തിസ്റ്റുകളും 120-ൽ പരം ദന്തൽ ഹൈജീനിസ്റ്റുകളും സേവനമനുഷ്ഠിക്കുമ്പോൾ 58 ദന്തൽ മെക്കാനിക്കുകളെ മാത്രമാണ് നിയമിച്ചിട്ടുള്ളതെന്നും പത്തുവർഷത്തിനുശേഷം നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും ആർദ്രം പദ്ധതി പ്രകാരം നിയമനം ഉറപ്പാക്കിയിരുന്നുവെങ്കിലും 22 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തിക പ്രതിസന്ധി കാരണം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും കോവിഡ്, പ്രളയം തുടങ്ങിയവ കാരണം നഷ്ടപ്പെട്ട കാലാവധി നീട്ടി നൽകണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 27-10-2020 തീയതിയിലെ കത്ത് മുഖേന ധനകാര്യം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലേക്ക് അയച്ചു.

പ്രസ്തുത ഹർജിയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് 27-6-2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സംസ്ഥാനത്തെ ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെയും രോഗീ സൗഹൃദമാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ആരംഭിച്ച ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ താലൂക്ക് / ജില്ല / ജനറൽ ആശുപത്രികളിൽ 23-9-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 136/2017/ആ.കു.വ. പ്രകാരം 25 ദന്തൽ മെക്കാനിക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പിന്നീട് സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ദന്തൽ വിഭാഗത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ 22 ദന്തൽ മെക്കാനിക്ക് തസ്തികയും

ഉൾപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരിക്കുന്നു."

പ്രസ്തുത ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 7-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"പി.എസ്.സി. യുടെ ഔദ്യോഗിക വെബ്സൈറ്റിലെ രേഖകൾ പ്രകാരം മേല്പറഞ്ഞ റാങ്ക് പട്ടികയിൽ 25-ാം റാങ്കായി ഉൾപ്പെട്ടിരുന്ന ഹർജിക്കാരൻ ശ്രീ. ഭാഗ്യരാജ് എം.-ന് 5-2-2021-ന് പ്രസ്തുത തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതുവരെ എല്ലാ സംവരണ വിഭാഗങ്ങളിൽ നിന്നും ഉൾപ്പെടെ മൊത്തം 35 പേർക്ക് റാങ്ക് പട്ടികയിൽ നിന്നും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടുകൾ സമിതിയുടെ 31-7-2023-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരന് നിയമനം ലഭിച്ചതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

6. <u>വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് എൽ. ജി. എസ്. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സമർപ്പിച്ച ഹർജികൾ</u>

(ഫയൽ നമ്പർ 20825/വൈ.എ.സി.1/2020/ലെജി.)

പി.എസ്.സി.-യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി 7-10-2020-ൽ ചേർന്ന സമിതി യോഗം ഓൺലൈനായി ഉദ്യോഗാർഥികളുടെ പ്രതിനിധികളെ കേട്ടിരുന്നു. വിവിധ ജില്ലകളിലെ എൽ.ജി.എസ്. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾ സമിതി മുമ്പാകെ നിരവധി ഹർജികൾ സമർപ്പിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത ഹർജികൾ സമിതി പരിശോധിക്കുകയും അവ സമിതിയുടെ നിർദേശത്തോടെ വിവിധ വകുപ്പുകളിലേയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. വിവിധ വകുപ്പുകൾ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും വിവിധ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ സമിതി അവ പരിഗണിക്കുകയും ചെയ്തിരുന്നു.

തിരുവനന്തപുരം ജില്ലയിലെ എൽ.ജി.എസ്. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനു വേണ്ടി ശ്രീ.വിനേഷ് ചന്ദ്രൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജിയിന്മേൽ സാമൂഹ്യനീതി (എ) വകുപ്പ് 17-1-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വിനേഷ് ചന്ദ്രൻ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും 7-10-2020-ലെ സമിതി യോഗത്തിൽ ടിയാനെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദേശിച്ചിരുന്നു. സാമൂഹ്യനീതി വനിതാ ശിശുവികസന വകുപ്പ് വിഭജനവുമായി ബന്ധപ്പെട്ട് തസ്തികകൾ ഏകീകരിക്കാൻ കാലതാമസം നിലനിൽക്കുന്നതിനാൽ മാസങ്ങളായി വകുപ്പിലെ നല്ലൊരു ശതമാനം ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാതെ വച്ചിരിക്കുകയാണ് എന്ന ഹർജിയിലെ ക്രമ നമ്പർ 4-ലെ പരാതിയാണ് ഈ വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശുവികസന വകുപ്പ് രൂപീകരിച്ചതിന്റെ ഭാഗമായി വാച്ച്മാൻ, വാച്ച് വുമൺ തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരെ തസ്തികമാറ്റം അനുവദിച്ചും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചും സാമൂഹ്യ നീതി വകുപ്പിലും വനിതാ ശിശുവികസന വകുപ്പിലുമായി പുനഃക്രമീകരിച്ചിരുന്നു. ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിച്ചപ്പോൾ സാമൂഹ്യനീതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റിന്റെ 4 ഒഴിവും വാച്ച്മാൻ തസ്തതികയിൽ 5 ഒഴിവും വാച്ച് വുമൺ തസ്തികയിൽ 8 ഒഴിവും ഉൾപ്പെടെ ആകെ 17 ഒഴിവുകൾ വിവിധ ജില്ലകളിലായി നിലവിൽ വരികയും ടി ഒഴിവുകളെല്ലാം ബന്ധപ്പെട്ട ജില്ലാ പി.എസ്.സി. ഓഫീസർക്ക് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് നിയമന ശിപാർശ ലഭ്യമാകുകയും നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോഴിക്കോട് ജില്ലയിൽ വാച്ച്മാൻ തസ്തികയിൽ 2 ഒഴിവുകൾ ഉണ്ട്. ആയത് കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.”

പ്രസ്തുത ഹർജിയിന്മേൽ നികുതി (എച്ച്) വകുപ്പ് 19-1-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ചരക്ക് സേവന നികുതി നടപ്പിലാക്കിയതിനെ തുടർന്ന് ജി.എസ്.ടി. വകുപ്പിൽ അധികം വന്ന 25 ലാസ്റ്റ് ഗ്രേഡ് അസിസ്റ്റന്റ് തസ്തികകൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലേയ്ക്ക് പുനർവിന്യാസം നടത്തി 25-1-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 14/2020/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തുന്നതിന് പകരം ടി തസ്തികകൾ ജി.എസ്.ടി. വകുപ്പിൽ നിന്നും അബോളിഷ് ചെയ്ത് അവ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് നൽകുകയാണുണ്ടായത്. തുടർന്ന് സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ ടി തസ്തികകൾ ഭാഗ്യക്കുറി വകുപ്പിലെ ഒഴിവുകളായി കണക്കാക്കി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തു.

ജി.എസ്.ടി. വകുപ്പിലെ 25 ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയും, ടി തസ്തികകൾ പി.എസ്.സി. -യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഈ നടപടി ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകളെയോ ഉദ്യോഗാർത്ഥികളുടെ നിയമനത്തെയോ ബാധിച്ചിട്ടില്ല."

പ്രസ്തുത ഹർജിയിന്മേൽ ജലവിഭവ (എ) വകുപ്പ് 11-7-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"7-10-2020-ന് ഹർജിക്കാരനെ സമിതി നേരിൽ കേൾക്കുകയും ഒഴിവുകൾ സമയബന്ധിതമായി പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകാൻ തീരുമാനിക്കുകയുമുണ്ടായി.

സമിതിയുടെ നിർദേശ പ്രകാരം ജലസേചന വകുപ്പിലെ ഒഴിവുകൾ സമയബന്ധിതമായി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദേശം നൽകുകയും ആയതിൻ പ്രകാരം 4-8-2021 തീയതിയ്ക്ക് മുമ്പായി ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 278 തസ്തികകൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 1199 തസ്തികകൾ നിർത്തലാക്കുകയും 25-1-2020-ലെ എ 3/242/2019/ജ.വി.വ. നമ്പർ കത്ത് പ്രകാരം ജലസേചന വകുപ്പിലെ ക്ലർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗങ്ങളിലെ 25% തസ്തികകൾ കണ്ടെത്തി സൂപ്പർ ന്യൂമററി ആയി നിലനിർത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ (ഐ & എ)-യ്ക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്."

പ്രസ്തുത ഹർജിയിന്മേൽ തദ്ദേശ സ്വയംഭരണ (ഇ.ആർ.എ.) വകുപ്പ് 29-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ ഗ്രാമ വികസന വകുപ്പിൽ ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളവ ഒഴികെ നിലവിലുണ്ടായിരുന്ന ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരകാര്യ വകുപ്പിന് കീഴിലുള്ള നഗരസഭകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയിൽ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും 2018 ജൂണിൽ നിലവിൽ വന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും 265 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം (69 ഒഴിവുകൾ) ആശ്രിത നിയമനത്തിനായി മാറ്റി

വച്ചിട്ടുള്ളവയായതിനാൽ ആയവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും അവശേഷിക്കുന്നവ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. നഗര ഗ്രാമാസൂത്രണ വകുപ്പിലെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുണ്ടായിരുന്ന 2 ഒഴിവുകൾ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ, മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ വയനാട്, കോഴിക്കോട് ജില്ലകളിലെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗ ഉദ്യോഗാർഥികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനത്തിനായി സംവരണം ചെയ്തിട്ടുള്ളതാണ്. അഡ്വൈസ് ചെയ്ത ഉദ്യോഗാർഥികൾ ഹാജരാകാത്തതുകാരണം ഈ രണ്ട് ഒഴിവുകൾ സ്ഥിരമായി എൻ.ജെ.ഡി. ആയി തുടർന്നിരുന്നു. ഇതിൽ വയനാട് ജില്ലയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ജില്ലയിലെ ഒഴിവിന്മേൽ നടപടികൾക്കായി തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലയ്ക്കുള്ള ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയുമായി ബന്ധപ്പെട്ട ഒരു ഒഴിവ് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി നിലവിൽ വന്നിട്ടുള്ളതാകയാൽ, ടി ഒഴിവിൽ ഒരു സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഒഴിവ് പി. എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല."

ശ്രീ. ശ്രീകുമാർ, എറണാകുളം സമർപ്പിച്ച 18-11-2020 തീയതിയായുള്ള ഹർജിയിന്മേൽ തദ്ദേശ സ്വയംഭരണ (ഇ. ആർ. എ.) വകുപ്പ് 27-7-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ ഗ്രാമ വികസന വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം എന്നിവിടങ്ങളിൽ എറണാകുളം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ഒഴിവുകൾ ഒന്നും നിലവിലില്ല എന്ന് വകുപ്പധ്യക്ഷന്മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ എറണാകുളം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളവ ഒഴികെയുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ നഗരകാര്യ വകുപ്പിനു കീഴിലുള്ള നഗരസഭകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയിൽ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും 2018 ജൂണിൽ നിലവിൽ വന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും 265 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്."

ശ്രീ. ബിനോയ്, ഇടുക്കി സമർപ്പിച്ച ഹർജിയിന്മേൽ തദ്ദേശ സ്വയംഭരണ (ഇ. ആർ. എ.) വകുപ്പ് 1-8-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാ റാങ്ക് ഹോൾഡേഴ്സ് പ്രതിനിധിയായ ശ്രീ. വിജേഷ് മോഹനെ 7-10-2020-ൽ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച് അതുമായി ബന്ധപ്പെട്ട നടപടി റിപ്പോർട്ട്, സമാനമായ ആവശ്യം ഉന്നയിച്ചുകൊണ്ട് ശ്രീ. ബിനോയ് സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട് എന്നിവ സമർപ്പിക്കുവാൻ സർക്കാരിനോട് സമിതി നിർദേശിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലെ ഗ്രാമവികസന വകുപ്പിലെയും പഞ്ചായത്ത് വകുപ്പിലെയും ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളവ ഒഴികെ നിലവിലുണ്ടായിരുന്ന ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2010-2018 കാലയളവിൽ പഞ്ചായത്ത് വകപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 1280 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരകാര്യ വകുപ്പിനു കീഴിലുള്ള നഗരസഭകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയിൽ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും 2018 ജൂണിൽ നിലവിൽ വന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും 265 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെയും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗിലെയും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആകെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

മേല്പറഞ്ഞ റിപ്പോർട്ടുകൾ 11-1-2023-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

7. <u>വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച് ഒരുകൂട്ടം ഉദ്യോഗാർഥികൾ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 21107/വൈ.എ.സി.1/2020/ലെജി.)

പി.എസ്.സി.യുടെ കാറ്റഗറി നമ്പർ 501/2017 പ്രകാരമുള്ള വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ നിയമനത്തിനായി 2018-ൽ എഴുത്ത് പരീക്ഷ നടത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചെങ്കിലും കായിക ക്ഷമതാ പരീക്ഷ നടത്തിയിട്ടില്ലെന്നും അതിനാൽ കായികക്ഷമതാ പരീക്ഷ നടത്തി എത്രയും വേഗം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരുകൂട്ടം ഉദ്യോഗാർത്ഥികൾ 13-10-2020 തീയതിയായുള്ള ഹർജി സമിതി മുമ്പാകെ സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 31-12-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 6-9-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിയിലെ ആവശ്യം പി.എസ്.സി.യുടെ കൂടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും 30-4-2021-ൽ ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതായി കാണുന്നു. കായികക്ഷമതാ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണം എന്ന ഹർജിക്കാരുടെ ആവശ്യം നടപ്പിലായതായി കാണാവുന്നതാണ്."

പ്രസ്തുത റിപ്പോർട്ട് 12-4-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

8. <u>പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ മാർക്ക് അറിയിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുമയ്യ ജെ., ആലപ്പുഴ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 20886/വൈ.എ.സി.1/2020/ലെജി.)

കാറ്റഗറി നമ്പർ 399/2017, 400/2017 എന്നിവ പ്രകാരം കമ്പനി / ബോർഡ് / കോർപ്പറേഷൻ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നടന്ന പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പിനും, ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കുമായി ഉചിതമാർഗത്തിൽ അപേക്ഷ നല്കിയിട്ടും അത് ലഭ്യമായിട്ടില്ലെന്നും അതിനാൽ അക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരി സമർപ്പിച്ച 23-10-2020 തീയതിയായുള്ള ഹർജി റിപ്പോർട്ടിനായി 17-11-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി)വകുപ്പ് 5-10-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ഹർജിയിന്മേൽ പി.എസ്.സി. താഴെപ്പറയും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

"വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ജൂനിയർ അസിസ്റ്റന്റ് [കാറ്റഗറി നമ്പർ 399/17, 400/17] തസ്തികകൾക്കൊപ്പം 396/17, 534/17 എന്നീ കാറ്റഗറി നമ്പരിലുള്ള തസ്തികകൾക്കും 5-8-2018-ൽ ഒരു പൊതുപരീക്ഷയാണ് നടത്തിയിരുന്നത്. ഇതിൽ കാറ്റഗറി നമ്പർ 534/17 ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ Assistant Information Officer തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ Mark Hide ചെയ്താണ് മറ്റ് തസ്തികകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നത്. ഇപ്രകാരം mark Hide ചെയ്ത് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ

കാര്യത്തിൽ പൊതുപരീക്ഷയിൽ ഉൾപ്പെടെ എല്ലാ തസ്തികകളുടെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമെ OMR ഉത്തരക്കടലാസിന്റെ പകർപ്പും പുനഃപരിശോധനാഫലവും നൽകുവാൻ നിർവാഹമുള്ളൂ. കാറ്റഗറി 534/17 ആയിട്ടുള്ള Assistant Information Officer തസ്തികയ്ക്ക് 13-1-2021-ൽ എഴുത്ത് പരീക്ഷയ്ക്കായി ഒരു പട്ടിക നിലവിൽ വന്നിട്ടുണ്ട്. ടി എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത് എന്നതിനാൽ 5-8-2018-ൽ നടത്തിയ OMR പരീക്ഷ ഉത്തരക്കടലാസിന്റെ പകർപ്പും പുനഃപരിശോധനാഫലവും 14-7-2021-ൽ പരാതി നൽകിയിരുന്ന Smt. Sumayya J.A. എന്ന ഉദ്യോഗാർഥിക്ക് അയച്ചുകൊടുത്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 12-4-2023-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജി വിഷയം പരിഹൃതമായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട് .

9. <u>എച്ച്. എസ്. എ. (സംസ്കൃതം) തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. ശ്രീഹരി വി., കണ്ണൂർ സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 20202/വൈ.എ.സി.2/2020/ലെജി.)

കണ്ണൂർ ജില്ലയിലെ എച്ച്. എസ്. എ. (സംസ്കൃതം) തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നും കോവിഡ്, പ്രളയം എന്നിവയുടെ പശ്ചാത്തലത്തിൽ നഷ്ടപ്പെട്ട നിയമനങ്ങൾ നടത്തുന്നതിനായി റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ 2-10-2020 തീയതിയായുള്ള ഹർജി സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 2-11-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് 5-5-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കണ്ണൂർ ജില്ലയിലെ (എച്ച്. എസ്. എ.) സംസ്കൃതം തസ്തികയുടെ കേഡർ സ്ട്രെങ്ങ്ത്, 2019-20 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം 13 ആണ്. ആയതിൽ 6 പേർ പി.എസ്.സി മുഖേന നിയമനം ലഭിച്ചവരാണ്. ഈ അധ്യയന വർഷം ആകെ 12 അധ്യാപകർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. 2020-21-ൽ ഒരു ഒഴിവാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത ഒഴിവ് മുൻ വർഷങ്ങളിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തതും, എൻ.സി.എ. വിഭാഗത്തിന് മാറ്റിവച്ചതുമാണ്. കോവിഡ്-19-ന്റെ

പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തനമാരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-21 വർഷത്തിലും തുടരുന്നതിനുവേണ്ടി ജി.ഒ.(എം.എസ്.) നം.28/2021/പൊ.വി.വ., തീയതി 22-1-2021 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സമ്പൂർണ്ണ പോർട്ടലിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പ്രകാരം Staff fixation നടത്തണമെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നുമാണ് നിവേദനത്തിലെ ആവശ്യം. നിലവിലെ കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരമെ staff fixation നടത്താനാവൂ. സമ്പൂർണ്ണ പോർട്ടലിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ Staff fixation നടത്താൻ കഴിയില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നകാര്യം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ തീരുമാനമെടുക്കാൻ സാധിക്കുന്ന വിഷയമല്ല. ടി വിഷയം പൊതുവായി സർക്കാരും കേരള പബ്ലിക് സർവീസ് കമ്മീഷനും നയപരമായി തീരുമാനിക്കേണ്ട വിഷയമാണെന്നും അറിയിച്ചുകൊള്ളുന്നു.”

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ് 16-2-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“പി.എസ്.സി. റാങ്ക് പട്ടികകൾ നിലവിലുള്ളപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കാണ് ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത്. ശ്രീ. ശ്രീഹരി വി. സമർപ്പിച്ചിരിക്കുന്ന ഹർജിയിൽ പരാമർശിക്കുന്ന കാറ്റഗറി നമ്പർ 166/2016 റാങ്ക് പട്ടികയുടെ കാലാവധി 25-6-2021-ന് അവസാനിക്കേണ്ടതായിരുന്നു. എന്നാൽ കോവിഡ് വ്യാപന സാഹചര്യത്തിൽ പി. എസ്. സി. പ്രസിദ്ധീകരിച്ചതും 5-2-2021-നും 3-8-2021-നും ഇടയിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി 4-8-2021 വരെ സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ പി. എസ്. സി. ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. അതിനാൽ 25-6-2021-ന് കാലാവധി അവസാനിക്കേണ്ടിയിരുന്ന പ്രസ്തുത റാങ്ക് പട്ടികയ്ക്ക് 4-8-2021 വരെ ഒരു മാസത്തിലേറെ അധിക കാലാവധി ലഭ്യമായിട്ടുണ്ട്. അക്കാലയളവിൽ ടി തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും പ്രസ്തുത റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് ലഭ്യമായിട്ടുണ്ട്.

മേൽ റാങ്ക് പട്ടികയിൽ മൂന്നാം റാങ്കായി ഉൾപ്പെട്ടിരുന്ന ഹർജിക്കാരൻ ശ്രീ. ശ്രീഹരി വി.-യ്ക്ക് 16-7-2021-ന് ടി തസ്തികയിൽ പി. എസ്. സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.”

മേല്പറഞ്ഞ റിപ്പോർട്ടുകൾ 26-4-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരന് നിയമനം ലഭിച്ചതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

10. സ്റ്റാഫ് നഴ്സ് ഗ്രേഡ് II (ഡി. എച്ച്. എസ്./ഡി. എം. ഇ.) തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. ബിനു ബാബു, തൃശ്ശൂർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 21101/വൈ.എ.സി.2/2020/ലെജി.)

സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഹർജിക്കാരൻ 31-10-2020 തീയതിയായുള്ള ഹർജി സമിതി മുമ്പാകെ സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 25-11-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 31-3-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പി. എസ്. സി. റാങ്ക് പട്ടികകൾ നിലവിലുള്ളപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കാണ് ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത്. ശ്രീ. ബിനു ബാബു സമർപ്പിച്ചിരിക്കുന്ന ഹർജിയിൽ പരാമർശിക്കുന്ന തൃശ്ശൂർ ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുടെ കാറ്റഗറി നമ്പർ 454/2016 റാങ്ക് പട്ടിക 16-7-2018-ന് നിലവിൽ വരികയും അതിന്റെ കാലാവധി 4-8-2021-ന് അവസാനിക്കുകയും ചെയ്തിട്ടുണ്ട്.

പി. എസ്. സി.-യുടെ ഔദ്യോഗിക വെബ് സൈറ്റിലെ രേഖകൾ പ്രകാരം മേല്പറഞ്ഞ റാങ്ക് പട്ടികയിൽ നിന്നും 118-ാം റാങ്കായി ഉൾപ്പെട്ടിരുന്ന ഹർജിക്കാരൻ ശ്രീ. ബിനു ബാബുവിന് 29-6-2021-ന് പ്രസ്തുത തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്."

ഹർജിയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് 2-11-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 1030 സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 204 സ്റ്റാഫ് നഴ്സ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

നിലവിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നുണ്ട്."

മേല്പറഞ്ഞ റിപ്പോർട്ടുകൾ 10-5-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

11. എച്ച്. എസ്. എസ്. റ്റി. പൊളിറ്റിക്കൽ സയൻസ് (ജൂനിയർ) തസ്തികയിലെ എൻ. ജെ. ഡി. ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടി വേഗത്തിലാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വിനോദ് കുമാർ പി. എം., വയനാട് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 20986/വൈ.എ.സി.2/ 2020/ലെജി.)

എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ് (ജൂനിയർ) തസ്തികയിലേക്കുള്ള നിയമന ശിപാർശ ലഭിച്ച എസ്.സി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥിയാണ് ഹർജിക്കാരൻ. പ്രസ്തുത തസ്തികയിലേയ്ക്ക് നിയമന ശിപാർശ ലഭിച്ച 81 ഉദ്യോഗാർഥികളിൽ 75 പേർക്കും 2019 ഡിസംബർ മാസത്തിൽ തന്നെ നിയമനം ലഭിച്ചുവെന്നും എസ്.സി.-എസ്.ടി. കോമ്പൻസേഷൻ ഒഴിവുകൾ നിശ്ചയിക്കുന്നതിലും റിലിംഗ്വിഷ്മെന്റ് നടപടികൾ പൂർത്തീകരിക്കുന്നതിലും ഉണ്ടായ കാലതാമസം മൂലം ഹർജിക്കാരന് മേല്പറഞ്ഞ 75 ഉദ്യോഗാർഥികൾക്കൊപ്പം നിയമനം നേടാൻ സാധിച്ചില്ലെന്നും ടിയാന് 30-1-2020-ന് നിയമന ശിപാർശ ലഭിച്ചെങ്കിലും വെക്കേഷൻ കാലയളവിൽ നിയമനം നൽകുകയില്ലെന്നും ജൂൺ 1-ന് നിയമനം നൽകുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് നൽകിയിരുന്നെങ്കിലും അപ്രകാരം നിയമനം ലഭിക്കാത്തതിനെ തുടർന്ന് അന്വേഷിച്ചപ്പോൾ മറ്റ് വിഷയങ്ങളുടെ ഒഴിവുകളുടെ കൂടെ മേല്പറഞ്ഞ 5 ഒഴിവുകളും ഉൾപ്പെടുത്തി ഏകദേശം 300 ഒഴിവുകൾ ഒറ്റ ഫയലായി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത് മൂലമാണ് നിയമനം ലഭിക്കാതെ വന്നതെന്ന് അറിയാൻ കഴിഞ്ഞെന്നും പ്രസ്തുത 5 ഒഴിവുകൾ പ്രത്യേക പരിഗണന അർഹിക്കുന്നതാണെന്നും അതിനാൽ ടിയാന് നിയമനം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ടിയാൻ സമർപ്പിച്ച 29-9-2020 തീയതിയായുള്ള ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 3-12-2020-ലെ കത്ത് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പിലേക്ക് അയച്ചു.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായും അത് ലഭ്യമാക്കി അന്തിമ മറുപടി സമർപ്പിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് 27-1-2021-ലെ കത്ത് മുഖേന അറിയിച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിക്കുകയും അക്കാര്യം വകുപ്പ് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തതിനെ തുടർന്ന് പൊതു വിദ്യാഭ്യാസ (ആർ) വകുപ്പ് 19-6-2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എച്ച്. എസ്. എസ്. റ്റി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് തസ്തികയിലേയ്ക്ക് ശ്രീ. വിനോദ് കുമാർ പി. എം. ഉൾപ്പെടെ 6 പേർക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ 30-1-2020-ലെ RID (2) 2408/19/GW പ്രകാരം നിയമന ശിപാർശ നൽകിയതിനെ തുടർന്ന് 7-1-2021-ലെ Ad.C3/110815/18/HSE പ്രകാരം നിയമന ഉത്തരവും നൽകിയിരുന്നു. കോവിഡ് - 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് റഗുലർ ക്ലാസ്സ് ആരംഭിക്കുന്ന തീയതി മുതൽ ജോലിയിൽ പ്രവേശിക്കുവാനാണ് നിയമന ഉത്തരവിൽ നിർദേശിച്ചിരുന്നത്.കേരള പബ്ലിക് സർവീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുള്ളവരെ 15-7-2021 മുതൽ സർവീസിൽ പ്രവേശിപ്പിക്കുവാൻ വേണ്ടി 6-7-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3287/2021/പൊവിവ. പ്രകാരം പുറപ്പെടുവിച്ച പൊതുഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിനോദ് കുമാർ പി. എം. 15-7-2021-ന് വയനാട് ജില്ലയിലെ പെരിക്കല്ലൂർ ഗവൺമെന്റ് എച്ച്. എസ്. എസ്.-ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ കോവിഡിന്റെ പശ്ചാത്തലത്തിലാണ് അധ്യാപകരെ 15-7-2021 മുതൽ മാത്രം ജോലിയിൽ പ്രവേശിപ്പിക്കുവാൻ അനുവദിച്ചതെന്നും നിയമനം നൽകുന്നതിൽ കാലതാമസം വന്നിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്."

21-6-2023-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരന് നിയമനം ലഭിച്ചതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

12. <u>മലപ്പുറം ജില്ലയിലെ നിലവിലുള്ള എൽ.ഡി.സി. ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. അതുൽ കുമാർ, കൊല്ലം സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 20396/വൈ.എ.സി.3/ 2020/ലെജി.)

പി.എസ്.സി. യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന്റെ ഭാഗമായി 7-10-2020-ലെ സമിതി യോഗം ഹർജിക്കാരനെ നേരിൽ കേട്ടിരുന്നു. തുടർന്ന് ടിയാൻ 14-10-2020 തീയതിയിൽ ഹർജിയും സമർപ്പിച്ചിരുന്നു. കാറ്റഗറി നമ്പർ 414/2016 പ്രകാരം മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ. ഡി. സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോയെന്നുള്ള വിവരം, ടി റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശം, വിവിധ വകുപ്പുകളിലെ എൽ.ഡി.സി. തസ്തികയിലെ ഒഴിവുകളിൽ ആശ്രിത നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ശതമാനത്തിൽ കൂടുതൽ ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റി

വച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച റിപ്പോർട്ടും മേല്പറഞ്ഞ ഹർജിയിന്മേലുള്ള റിപ്പോർട്ടും ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചിരുന്നു.

അതിൻ പ്രകാരം മേല്പറഞ്ഞ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് 4-11-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

അതിൻ പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 24-2-2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വിവിധ വകുപ്പുകളിലെ എൽ.ഡി.സി. തസ്തികയിലേതുൾപ്പെടെയുള്ള വിവിധ തസ്തികകളിലെ നിലവിലുള്ളതും പ്രതീക്ഷിതവുമായ എല്ലാ ഒഴിവുകളും എൻ.ജെ.ഡി. ഒഴിവുകളും ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നിർദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്. പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ പ്രൊഫോർമ ന്യൂനതാരഹിതമാണെങ്കിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ കാലതാമസം വരാതെ പി.എസ്.സി. നിയമന ശിപാർശ നടത്തി വരുന്നു. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേയ്ക്കുള്ള എൻ.ജെ.ഡി. ഒഴിവ് നികത്തുവാൻ പി.എസ്.സി.-യ്ക്ക് കാലതാമസം ഉണ്ടാകാറില്ല. ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെയാണ് നിലവിൽ വകുപ്പുകൾ/സ്ഥാപനങ്ങൾ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. റിലിംഗ്വിഷ്മെന്റിനുള്ള അപേക്ഷ പ്രൊഫൈൽ വഴി സ്വീകരിക്കുന്ന വിഷയം ഗൗരവമുള്ള പരിശോധന ആവശ്യമുള്ളതാണ്. അത് അനുവദിക്കുന്നതിന് നിലവിൽ പി. എസ്. സി. തീരുമാനം കൈക്കൊണ്ടിട്ടില്ല.

OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിന്മേൽ 29-6-2018 തീയതിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമെ ആശ്രിത നിയമനത്തിനായി നീക്കി വെക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകൾ മാത്രമെ ആശ്രിത നിയമനത്തിന് നീക്കി വയ്ക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്.

പി. എസ്. സി. റാങ്ക് പട്ടികകൾ നിലവിലുള്ളപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കാണ് ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത്. കാറ്റഗറി നമ്പർ 414/16 പ്രകാരം നിലവിൽ വന്ന എൽ.ഡി. ക്ലാർക്ക് മലപ്പുറം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും

1016 പേർക്ക് പി.എസ്.സി. നിയമന ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ 537-ാം റാങ്കായി ഉൾപ്പെട്ടിരുന്ന ഹർജിക്കാരൻ ശ്രീ. അതുൽ കുമാർ എ.-യ്ക്ക് 18-2-2021 തീയതിയിൽ വനിതാശിശുവികസന വകുപ്പിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ ചെയ്തിട്ടുണ്ട്."

6-7-2023-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരന് നിയമനം ലഭിച്ചതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

13. കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ നിർബന്ധിത സേവനം സംബന്ധിച്ച് എം. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികൾ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 13182/വൈ.എ.സി.1/ 2014/ലെജി.)

എം.എസ്.സി. നഴ്സിംഗ് കോഴ്സ് 2013-ൽ പൂർത്തിയാക്കിയ ഹർജിക്കാർക്ക് കരാർ പ്രകാരം പ്രസ്തുത കോഴ്സിനുശേഷം ഒരു വർഷം സർക്കാർ കോളേജുകളിൽ ബോണ്ട് ചെയ്യേണ്ടതുണ്ടെന്നും എന്നാൽ ഇതു സംബന്ധിച്ച് നാളിതുവരെയും സർക്കാർതലത്തിൽ തീരുമാനമൊന്നും ആയിട്ടില്ലെന്നും വിദ്യാഭ്യാസ വായ്പയെടുത്ത പലർക്കും റിക്കവറി നടപടികൾ നേരിടേണ്ടിവരുമെന്നും കരാർ ഉള്ളതിനാൽ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കാൻ സാധിക്കുന്നില്ലെന്നും 22-2-2014 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി 14-5-2014-ലെ സമിതിയോഗ നിർദേശപ്രകാരം റിപ്പോർട്ടിനായി 21-5-2014-ലെ കത്ത് മുഖേന ആരോഗ്യ കുടുംബക്ഷേമ വകുപ്പിലേയ്ക്ക് അയച്ചിരുന്നു.നിരവധി കത്തിടപാടുകൾ നടത്തിയിട്ടും പ്രസ്തുത ഹർജിയിന്മേലുള്ള റിപ്പോർട്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ ടി ഹർജി വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന ശിപാർശ സമിതി (2014-16)-യുടെ അഞ്ചാമത് റിപ്പോർട്ടിന്റെ 48-ാം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് 23-6-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"2013-ൽ സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിന്ന് എം.എസ്.സി. നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയവർക്ക് മെഡിക്കൽ വിദ്യാഭ്യാസ സേവനങ്ങളിലോ, ആരോഗ്യ സേവനങ്ങളിലോ അല്ലെങ്കിൽ കോഴ്സ് പൂർത്തിയാക്കി ആറ് മാസത്തിനകം സർക്കാർ തീരുമാനിച്ച പ്രകാരമോ ബന്ധപ്പെട്ട വകുപ്പുകളിൽ നിർബന്ധിത സേവനം നടത്തണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ഒഴിവില്ലാത്തതിനാലോ തൽക്കാലം സേവനം ആവശ്യ

മില്ലാത്തതിനാലോ ഇത്തരത്തിൽ താൽക്കാലിക പോസ്റ്റിംഗ് നൽകാൻ സർക്കാരിന് കഴിയുന്നില്ലെങ്കിൽ ഉദ്യോഗാർഥികൾക്ക് സേവന ബാധ്യതയിൽ നിന്നും ഒഴിവ് നൽകാം എന്നും വ്യവസ്ഥയുണ്ടായിരുന്നു. നിലവിൽ എം.എസ്.സി. ബിരുദം നേടുന്നവർക്ക് നിർബന്ധിത സേവനം നടത്തണമെന്ന കരാർ വ്യവസ്ഥയില്ല. ജോലി പരിചയം നേടണമെന്ന് താൽപ്പര്യമുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കുകയും ഒഴിവിന്റെ അടിസ്ഥാനത്തിൽ ഇവരെ പരിഗണിക്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ സേവനം ചെയ്യുന്നവർക്ക് മറ്റേതെങ്കിലും ജോലി ലഭിക്കുകയാണെങ്കിൽ നഷ്ട പരിഹാര കരാർ ഇല്ലാത്തതിനാൽ തുക ഈടാക്കാതെ വിടുതൽ നൽകുകയാണ് ചെയ്തു വരുന്നത്."

പ്രസ്തുത റിപ്പോർട്ട് 31-7-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും സമിതി തീരുമാന പ്രകാരം പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

14. <u>കൊല്ലം ജില്ലയിലെ സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് ശ്രീ. കെ. ഗംഗാധരൻ, കൊല്ലം സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 25138/വൈ.എ.സി.2/ 2018/ലെജി.)

കൊല്ലം ജില്ലയിലെ ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറി ശ്രീ. ഗംഗാധരൻ, കൊല്ലം 31-1-2018 തീയതിയായി സമർപ്പിച്ച ഹർജിയിൽ കൊല്ലം ജില്ലയിലെ കായിക താരങ്ങളുടെ പുരോഗതിക്കായി പ്രസ്തുത ജില്ലയിൽ തന്നെ അടിസ്ഥാന സൗകര്യങ്ങളുള്ള സ്റ്റേഡിയം അനിവാര്യമാണെന്നും കായികതാരങ്ങൾക്ക് എത്തിച്ചേരാനും കായിക പരിശീലനം നടത്തുന്നതിനും കായികമേളകൾ സംഘടിപ്പിക്കുന്നതിനും സൗകര്യങ്ങളുള്ള ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം എത്രയും വേഗം നവീകരിച്ച് ഒരു സ്പോർട്സ് ഹബ്ബ് ആക്കി മാറ്റണമെന്നും കൂടാതെ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും അടിസ്ഥാന സൗകര്യങ്ങളുള്ള കളിക്കളങ്ങൾ നിർമ്മിച്ച് ജില്ലയിലെ കായിക വികസനം ഉറപ്പുവരുത്തണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 21-11-2018-ലെ കത്ത് മുഖേന കായിക യുവജനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു.ടി വകുപ്പ് അത് തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പിലേക്ക് കൂടി അയക്കുകയും ചെയ്തു.

ഹർജിയിന്മേൽ കായിക യുവജനകാര്യ (എ) വകുപ്പ് 3-4-2019-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു

"കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി മുൻസിപ്പൽ സ്റ്റേഡിയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലായതിനാൽ ടി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ പ്രസ്തുത

വകുപ്പിന്റെ പരിധിയിലാണ് വരുന്നത്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിനടുത്തുള്ള സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സെവൻസ് സിന്തറ്റിക് ഫുട്ബോൾ കോർട്ട്, 8 ലൈൻ ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, നിലവിലെ സ്വിമ്മിംഗ് പൂളിന്റെ നവീകരണം, ഹാൻഡ് ബോൾ-വോളീബോൾ- ബാസ്കറ്റ് ബോൾ കോർട്ടുകളുടെ നവീകരണം, ബോയ്സ് ഹോസ്റ്റൽ എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായികയുവജനകാര്യ വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി-ആയ കിറ്റ്കോയോട് നിർദേശിച്ചിട്ടുണ്ട്. കിറ്റ്കോ ഡി.പി.ആർ. സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം ലഭ്യമായാലുടൻ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു."

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി ബി) വകുപ്പ് 12-8-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു,

"കൊല്ലം നഗരസഭയുടെ പരിധിയിലുള്ള ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ പരിപാലനം നിലവിൽ കൊല്ലം നഗരസഭയാണ് നടത്തിവരുന്നത്. ടി സ്റ്റേഡിയം football and athletic മത്സരങ്ങൾക്കായും പരിശീലനത്തിനായും ഉപയോഗിച്ചുവരുന്നതാണ്. ഇതിനോടനുബന്ധിച്ച് Hostel and Sports Council Hostel പ്രവർത്തിച്ചുവരുന്നതും athletics, football, volleyball, basket ball, tennis മുതലായവയുടെ പരിശീലനം നടത്തി വരുന്നതുമാണ്. സംസ്ഥാന, ജില്ലാതല, പ്രാദേശിക കായിക പരിപാടികൾ നടത്തുന്ന മുഖ്യ കേന്ദ്രമാണ് ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം. സ്റ്റേഡിയത്തിനോട് ചേർന്ന്, സ്പോർട്സിന്റെ പ്രാധാന്യം കണക്കിലെടുത്ത് ജില്ലയിലെ യുവജനങ്ങളെ സ്പോർട്സിലേയ്ക്ക് ആകർഷിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം നിർമ്മാണം നടന്നുവരുന്നതും ഇത് പൂർത്തിയാകുമ്പോൾ ടേബിൾ ടെന്നീസ്, ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ മുതലായവയ്ക്ക് വിദഗ്ധ പരിശീലനം ലഭ്യമാകുകയും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിലൂടെ റെസിഡൻഷ്യൽ പരിശീലനത്തിന് സാഹചര്യമുണ്ടാകുന്നതുമാണ്. സ്റ്റേഡിയത്തിനു പുറത്തായി രണ്ട് ബാസ്കറ്റ് ബോൾ കോർട്ടും ടെന്നീസ് കോർട്ടും നിലവിലുണ്ട്. ദേശീയ സംസ്ഥാന ടീമുകളിലേയ്ക്കുള്ള സെലക്ഷൻ ട്രയൽസ് നടത്തുന്നതിന് സ്റ്റേഡിയത്തിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

നിലവിൽ സ്റ്റേഡിയം ഉൾക്കൊള്ളുന്ന സ്ഥലം റവന്യൂ പുറമ്പോക്കായിട്ടുള്ളതും ആയതിന്റെ നടത്തിപ്പും പരിപാലനവും കോർപ്പറേഷന്റെ അധീനതയിലുമാണ്. ടി സ്റ്റേഡിയം 40 വർഷത്തിലധികം പഴക്കമുള്ളതും കഴിഞ്ഞ നാഷണൽ ഗെയിംസിനോടനുബന്ധിച്ച് അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്തിട്ടുള്ളതാണെന്നുമുള്ള വിവരങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 31-7-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

15. <u>പൊതുമരാമത്ത്/ ജലസേചനം/ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിലെ ഓവർസിയർ ഗ്രേഡ് III തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജിയോ സച്ചിൻ ജോസി, എറണാകുളം സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 20137/വൈ.എ.സി.2/ 2020/ലെജി.)

മേല്പറഞ്ഞ വിഷയം സബന്ധിച്ച് ഹർജിക്കാരൻ സമർപ്പിച്ച 14-10-2020 തീയതിയായുള്ള ഹർജി റിപ്പോർട്ടിനായി 29-12-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ് 15-7-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ഓവർസിയർ ഗ്രേഡ് III പൊതുമരാമത്ത് വകുപ്പ് / ഇറിഗേഷൻ വകുപ്പ് (കാറ്റഗറി നമ്പർ 247/2018)-ന്റെ റാങ്ക് ലിസ്റ്റ് 13-4-2021-ലും ഓവർസിയർ ഗ്രേഡ് III ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (കാറ്റഗറി നമ്പർ 85/2018) റാങ്ക് ലിസ്റ്റ് 26-4-2021-ലും പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ ശ്രീ. ജിയോ സച്ചിൻ ജോസിയുടെ ഹർജിയിലെ ആവശ്യം പരിഹരിക്കപ്പെട്ടതായി കാണുന്നു.”

പ്രസ്തുത റിപ്പോർട്ട് 31-7-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

16. <u>അസിസ്റ്റന്റ് പ്രൊഫസർ (ഓറൽ & മാക്സിലോഫേഷ്യൽ സർജറി) തസ്തികയിലെ നിയമനം സംബന്ധിച്ച് ഡോ. രാധിക എസ്. ചന്ദ്രൻ സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 21108/വൈ.എ.സി.2/2020/ലെജി.)

കേരള പബ്ലിക് സർവീസ് കമ്മീഷൻ കാറ്റഗറി നമ്പർ 88/2016 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ റാങ്ക് നമ്പർ 10 ആയി ഹർജിക്കാരി ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 9-10-2020-ൽ അവസാനിച്ചുവെന്നും എന്നാൽ ആലപ്പുഴ ദന്തൽ കോളേജിൽ ഒന്നര വർഷമായും കോട്ടയം ദന്തൽ കോളേജിൽ ആറ് മാസമായും ഓരോ പ്രൊഫസർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും ഉന്നതതലത്തിലെ തർക്കം മൂലം അസിസ്റ്റന്റ് പ്രൊഫസർമാർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകിയിട്ടില്ലെന്നും തന്മൂലം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട രണ്ട് പേർക്ക് നിയമനം ലഭിച്ചിട്ടില്ലെന്നും അതേ തസ്തികയിലേയ്ക്ക്

അതിന് മുൻപ് പി.എസ്.സി. പരീക്ഷ നടത്തിയത് പത്ത് വർഷങ്ങൾക്ക് മുൻപാണെന്നും ഹർജിക്കാരിയുടേതല്ലാത്ത വീഴ്ച മൂലം ടിയാൾക്ക് നീതി നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നും അതിനാൽ മേല്പറഞ്ഞ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുകയോ ടിയാൾക്ക് നിയമനം നൽകുകയോ ചെയ്യണമെന്ന് ടിയാൾ സമർപ്പിച്ച 13-10-2020 തീയതിയായുള്ള ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 15-12-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാരം ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജി വിഷയം കൈകാര്യം ചെയ്യുന്നത് ആരോഗ്യ കുടുംബക്ഷേമ വകുപ്പായതിനാൽ ഹർജി പ്രസ്തുത വകുപ്പിന് കൈമാറിയതായി 25-10-2021-ലെ കത്ത് പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് അറിയിച്ചിരുന്നു.

ഹർജിയിന്മേൽ ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് 4-7-2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഓറൽ & മാക്സിലോഫേഷ്യൽ സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി 12-3-2021-ൽ സർവീസിൽ പ്രവേശിച്ച ഡോ. രാധിക എസ്. ചന്ദ്രൻ ശൂന്യവേതന അവധി കഴിഞ്ഞ് മറ്റൊരു ഡോക്ടർ സർവീസിൽ പ്രവേശിച്ചതിനെ തുടർന്ന് ഒഴിവില്ലാത്തതിനാൽ 12-4-2021-ൽ സർവീസിൽ നിന്നും പുറത്തായതായും പിന്നീട് ഓറൽ & മാക്സിലോഫേഷ്യൽ സർജറി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഉണ്ടായ ഒരു തുറന്ന ഒഴിവിൽ ഡോ. രാധിക എസ്. ചന്ദ്രന് നിയമനം നൽകിയിട്ടുണ്ടെന്നും 3-11-2022-ൽ ടിയാൾ വീണ്ടും സർവീസിൽ പ്രവേശിച്ചിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 21-9-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരിക്ക് നിയമനം ലഭിച്ചതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

17. പി.എസ്.സി-യുടെ കാറ്റഗറി നമ്പർ 340/2016 പ്രകാരം നിലവിൽ വന്ന സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ വിപിൻ വിജയ്, ആലപ്പുഴ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ. 19848/വൈ.എ.സി2/2020/ലെജി.)

കാറ്റഗറി നമ്പർ 340/2016 പ്രകാരം നിലവിൽ വന്ന സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട്

ശ്രീ. വിപിൻ വിജയ് 3-10-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും ആകെ 452 പേർക്ക് മാത്രമാണ് നിയമനം ലഭിച്ചതെന്നും പ്രസ്തുത ലിസ്റ്റിന്റെ നിലവിലെ കാലാവധി ഒരു വർഷം എന്നുള്ളത് ദീർഘിപ്പിക്കണമെന്നും പരമാവധി ഉദ്യോഗാർഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 27-10-2020-ലെ കത്ത് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, നികുതി എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചിരുന്നു.

പ്രസ്തുത ഹർജി തുടർനടപടികൾക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് കൈമാറിയതായി നികുതി വകുപ്പ് 1-3-2021-ലെ കത്ത് മുഖേന അറിയിച്ചിരുന്നു.

ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 28-9-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്ന എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി 19-6-2020 വരെ സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. ദീർഘിപ്പിച്ചുനൽകിയിരുന്നു. ഈ ആനുകൂല്യം സിവിൽ എക്സൈസ് ഓഫീസർ റാങ്ക് പട്ടികയ്ക്കും ലഭ്യമായിരുന്നു. ഇക്കാലയളവിൽ എക്സൈസ് വകുപ്പിൽ എല്ലാ ജില്ലകളിലും ടി തസ്തികയിൽ ഉണ്ടായ ഒഴിവുകൾ പ്രസ്തുത റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. യൂണിഫോം തസ്തികയിൽ പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ഒരു വർഷം എന്നത് പുനഃപരിശോധിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 9-2-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഒരു വർഷം കാലാവധി ശേഷിക്കുന്ന പി.എസ്.സി-യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിർദേശം നൽകാൻ തീരുമാനിക്കുകയും സമിതിയുടെ പ്രസ്തുത നിർദേശം 31-3-2022-ലെ കത്ത് പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന് അറിയിക്കുകയും ചെയ്തു.

സമിതിയുടെ മേല്പറഞ്ഞ നിർദേശത്തിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 25-2-2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എക്സൈസ് വകുപ്പിലെ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് പരമാവധി ഉദ്യോഗാർഥികൾക്ക് നിയമനം നൽകണമെന്നാവശ്യപ്പെട്ട്

ശ്രീ. വിപിൻ വിജയ് സമിതി മുമ്പാകെ സമർപ്പിച്ച നിവേദനത്തിന്മേൽ ഈ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പരിഗണിച്ച സമിതി ആയത് അംഗീകരിക്കുകയും, ഒരു വർഷം കാലാവധി ശേഷിക്കുന്ന പി. എസ്. സി.-യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിക്കുവാൻ ഈ വകുപ്പിന് നിർദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നിർദേശം സംബന്ധിച്ച നടപടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട പൊതുനിർദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നൽകുക എന്നതാണ് ഈ വകുപ്പിന്റെ ചുമതല. അതിന് വേണ്ട നിർദേശങ്ങൾ ഈ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. ഓരോ കലണ്ടർ വർഷവും വിവിധ വകുപ്പുകളിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നിയമന അധികാരികൾക്കും / വകുപ്പ് മേധാവികൾക്കും നിർദേശം നൽകി വരുന്നുണ്ട്. 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 8-11-2022-ലെ ഉപ.സി.3/100/2022/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശ പ്രകാരം എല്ലാ വകുപ്പ് മേധാവികളും നിയമനാധികാരികളും അതത് വകുപ്പുകളിലെ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

റാങ്ക് പട്ടികയിൽ നിന്ന് പരമാവധി നിയമനം നടത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. പി. എസ്. സി. റാങ്ക് പട്ടിക നിലവിലുള്ളപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കാണ് ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യിപ്പിക്കണമെന്നാവശ്യപ്പെട്ട് വിവിധ റാങ്ക് ലിസ്റ്റുകളിലുൾപ്പെട്ട ഉദ്യോഗാർഥികൾ അതാത് റാങ്ക് ലിസ്റ്റ് അവസാനിക്കാറാകുന്ന വേളകളിൽ നിവേദനങ്ങൾ സമർപ്പിക്കുന്നതിനെ തുടർന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് സ്പെഷ്യൽ ഡ്രൈവ് നടത്തുകയും വിവിധ വകുപ്പുകളിൽ നിന്നും പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്."

പ്രസ്തുത റിപ്പോർട്ട് 21-9-2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

18. <u>അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സുനിൽ രാമചന്ദ്രൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 20983/വൈ.എ.സി.3/ 2020/ലെജി.)

അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ശ്രീ സുനിൽ രാമചന്ദ്രൻ, തൃശ്ശൂർ 30-9-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ 04/2019-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി 10 നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്നും സംസ്ഥാനത്തെ ഏഴ് കോളേജുകളിൽ തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും കാലിക്കറ്റ് ഗവൺമെന്റ് കോളേജിൽ ഉണ്ടായിട്ടുള്ള 9 ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും 12 വർഷങ്ങൾക്കുശേഷമാണ് പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നും അതിനാൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും കൂടാതെ ആവശ്യമായ തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 15-12-2020-ലെ കത്ത് മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്ക് അയച്ചു.

ഹർജിയിന്മേൽ ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് 15-4-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു

"കായിക വിദ്യാഭ്യാസത്തിനും, സ്പോർട്സിനും മാത്രമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനമായ കോഴിക്കോട് ഗവ.ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ 19-2-2021-ലെ സ.ഉ(കൈ) നം. 124/2021/ഉ.വി.വ. പ്രകാരം 7 പുതിയ തസ്തികകൾ സൃഷ്ടിച്ചുത്തരവായിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതുതായി പ്രവർത്തനമാരംഭിച്ച ഏഴ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും, എറണാകുളം മഹാരാജാസ് കോളേജ്, കോട്ടയം സർക്കാർ കോളേജ്, ഗവ. കോളേജ് തൃശ്ശൂർ എന്നിവിടങ്ങളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ ഒന്ന് വീതം അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതുതായി പ്രവർത്തനമാരംഭിച്ച ഏഴ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എല്ലാം തന്നെ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ ടി കോളേജുകളിൽ കായിക വിദ്യാഭ്യാസത്തിനായി

സ്വന്തമായി ഒരു ഗ്രൗണ്ട് പോലും ഇല്ലാത്ത അവസ്ഥയിലുമാണ്. ടി സാഹചര്യത്തിലും, സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ സൃഷ്ടിച്ചത് കൂടാതെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ പുതിയ/അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യം നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ പരിഗണിക്കാൻ നിർവാഹമില്ലെന്ന വിവരം അറിയിക്കുന്നു. ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ 2019 മുതൽ നാളിതുവരെ പി.എസ്.സി. മുഖേന 12 പേർക്കും ബൈ ട്രാൻസ്ഫർ മുഖേന 1 ആൾക്കും നിയമനം നല്കിയിട്ടുണ്ടെന്നും അറിയിച്ചുകൊള്ളുന്നു"

പ്രസ്തുത റിപ്പോർട്ട് 9-2-2022-ലെ സമിതി യോഗം പരിഗണിക്കുകയും ആരോഗ്യമുള്ള പുതുതലമുറ സൃഷ്ടിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കായിക പരിശീലനത്തിന് മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് പ്രസ്തുത വകുപ്പിന് നിർദേശം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ പ്രസ്തുത നിർദേശം 7-5-2022-ലെ കത്ത് മുഖേന തുടർ നടപടിക്കായി ഉന്നതവിദ്യാഭ്യാസ (എഫ്) വകുപ്പിനെ അറിയിച്ചു.

സമിതിയുടെ മേല്പറഞ്ഞ നിർദേശത്തിന്മേൽ ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് 23-9-2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു

"അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സുനിൽ രാമചന്ദ്രൻ സമർപ്പിച്ച ഹർജിയിന്മേലുള്ള റിപ്പോർട്ട് സമിതി പരിഗണിക്കുകയും ആരോഗ്യമുള്ള പുതുതലമുറയെ സൃഷ്ടിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കായിക പരിശീലനത്തിന് മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന നിർദേശത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് പുതുതായി പ്രവർത്തനമാരംഭിച്ച കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 7 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ (1. സർക്കാർ കോളേജ്, കരിന്തളം 2. സർക്കാർ കോളേജ്, തോലന്നൂർ 3. സർക്കാർ കോളേജ്, ശാന്തൻപാറ 4. സർക്കാർ വനിതാ കോളേജ്, മലപ്പുറം 5. സർക്കാർ കോളേജ്, കരുനാഗപ്പള്ളി 6. സർക്കാർ കോളേജ്, വൈപ്പിൻ 7. സർക്കാർ കോളേജ്, നിലമ്പൂർ) ഒഴികെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും സംസ്കൃത കോളേജുകൾ / ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ എന്നീ

സ്ഥാപനങ്ങളിലും ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുള്ളതാണ്. റാങ്ക് ലിസ്റ്റ് തീരാൻ ഏതാനും മാസങ്ങൾ മാത്രമാണ് അവശേഷിക്കുന്നതെന്ന സാഹചര്യം മുൻനിർത്തി വിവിധ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ (കായിക വിദ്യാഭ്യാസം) തസ്തികകൾ സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾ നിരവധി തവണ സർക്കാരിലേയ്ക്ക് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനങ്ങളുടെ കൂടെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ഏഴ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കേളേജുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും എറണാകുളം മഹാരാജാസ് കോളേജ്, കോട്ടയം സർക്കാർ കോളേജ്, ഗവൺമെന്റ് കോളേജ് തൃശ്ശൂർ എന്നിവിടങ്ങളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ ഒന്ന് വീതം അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ ടി പ്രൊപ്പോസലുകൾ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ പരിഗണിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

കായിക വിദ്യാഭ്യാസത്തിനും സ്പോർട്സിനും മാത്രമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനമായ കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ 19-2-2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 124/2021/ഉ.വി.വ. പ്രകാരം 7 അധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ഹർജിക്കാരനായ ശ്രീ. സുനിൽ രാമചന്ദ്രൻ ഉൾപ്പെടെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അധ്യാപക തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും 8 ഉദ്യോഗാർഥികൾക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ വിദ്യാഭ്യാസം സാമൂഹിക നന്മയ്ക്ക് എന്ന ആശയത്തെ അടിസ്ഥാനമാക്കി നിരവധി ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കിവരുകയും ആരോഗ്യ കായിക വിദ്യാഭ്യാസം ഇത്രയും പ്രധാന്യമർഹിക്കുന്ന കാലഘട്ടത്തിൽ ആരോഗ്യവാന്മാരായ പുതിയ തലമുറയെ സൃഷ്ടിച്ചെടുക്കുന്നതിന് സ്ഥാപനങ്ങളിൽ കായിക അധ്യാപകർ മുൻതൂക്കം നൽകി വരികയും ചെയ്യുന്നുണ്ട്.''

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരന് നിയമനം ലഭിച്ചതിലും സമിതിയുടെ നിർദേശത്തിന് അർഹമായ പരിഗണന സർക്കാർ നൽകിയതിലും സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

**റിപ്പോർട്ട് കാലയളവിൽ ഒരു ഹർജി വിഷയവുമായി ബന്ധപ്പെട്ട് സമിതി സർക്കാരിന് നൽകിയ ശിപാർശയുടെ വിശദാംശം ചുവടെ ചേർക്കുന്നു**

<u>എച്ച്. എസ്. എ. ഇംഗ്ലീഷ് തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി മൃദുല ഉണ്ണി സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 20591/വൈ.എ.സി.1/ 2020/ലെജി.)

ഇംഗ്ലീഷിനെ കോർ വിഷയങ്ങളിൽ നിന്നും മാറ്റി ഭാഷാ വിഷയങ്ങളിൽ ഉൾപ്പെടുത്തി തസ്തിക നിർണ്ണയം നടത്തണമെന്നും എല്ലാ സ്കൂളുകളിലും ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷിന് ഒരു തസ്തികയെങ്കിലും അനുവദിക്കണമെന്നും ഹർജിക്കാരി 15-10-2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 22-10-2020-ലെ കത്ത് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് 27-10-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2002/പൊ.വി.വ. തീയതി 7-10-2002 പ്രകാരം ഗവൺമെന്റ്/എയ്ഡഡ് സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 5 ഡിവിഷനുകൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമെ ഒരു എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തിക അനുവദിക്കാനാവൂ. തസ്തികകൾ അനുവദിക്കുന്നത് കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരമാണ്. ആയതിനാൽ നിലവിലെ നിയമങ്ങൾ പ്രകാരം ശ്രീമതി മൃദുല ഉണ്ണിയുടെ ആവശ്യം അനുവദയനീയമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു."

12-4-2023-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഇംഗ്ലീഷ് അധ്യാപകരില്ലാത്ത സ്കൂളുകളിൽ മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നതെന്നും ഹൈസ്കൂൾ പഠനത്തിനുശേഷവും വിദ്യാർഥികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് സാധിക്കുന്നില്ലെന്നും അഭിപ്രായപ്പെടുകയും എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് അധ്യാപക തസ്തിക അനുവദിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. സമിതിയുടെ പ്രസ്തുത ശിപാർശയിന്മേലുള്ള റിപ്പോർട്ടിനായുള്ള നടപടികൾ തുടർന്ന് വരുന്നു.

**റിപ്പോർട്ട് കാലയളവിലെ സമിതിയുടെ പ്രധാനപ്പെട്ട രണ്ട് തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു**

1. കാസർഗോഡ് ജില്ലയിലെ എൽ.പി.എസ്.എ. (മലയാളം) മീഡിയം റാങ്ക് ലിസ്റ്റ് വിപുലീകരണം സംബന്ധിച്ച് ശ്രീ രാജേഷ്. ടി., കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20536/വൈ.എ.സി.1/2020/ലെജി.)

കാസർഗോഡ് ജില്ലയിലെ എൽ.പി.എസ്.എ. മലയാളം മീഡിയം റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ ടി തസ്തികയിൽ 350 ഒഴിവുകൾ ഉണ്ടായിരുന്നിട്ടും 294 പേരെ മാത്രം ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് 24-5-2023-ൽ കാസർഗോഡ് ജില്ലാ കളക്ടറേറ്റിൽ വച്ച് ചേർന്ന സമിതി യോഗം ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാനതലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിച്ചു.

2. ഹാർബർ എഞ്ചിനീയറിങ് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ രഞ്ജിത്ത് കെ.ആർ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21027/വൈ.എ.സി.2/2020/ലെജി.)

ഹർജി വിഷയം സംബന്ധിച്ച് ഹർജിക്കാരൻ സമർപ്പിച്ച 16-6-2023 തീയതിയായുള്ള പ്രതികരണ ഹർജി 21-9-2023-ലെ സമിതി യോഗം പരിഗണിച്ച വേളയിൽ 1995-ലെ പി.ഡബ്ല്യൂ.ഡി. ആക്ടിലെ സെക്ഷൻ 36 പ്രകാരം ഒരു ഭിന്നശേഷി വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളില്ലെങ്കിൽ അതേ വിഭാഗത്തിൽ നിന്നുമാത്രമേ ഒഴിവുകൾ നികത്താൻ ആകുകയുള്ളൂ എന്ന വ്യവസ്ഥ ഉദ്യോഗാർത്ഥികൾക്കിടയിൽ കടുത്ത അസംതൃപ്തി ഉളവാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, പി.എസ്.സി. എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് നയപരമായ ഒരു തീരുമാനം സാധ്യമാകുമോ എന്നത് പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും 1995-ലെ പി.ഡബ്ല്യൂ.ഡി. ആക്ടിലെ സെക്ഷൻ 36-ലെ പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് നയപരമായ തീരുമാനം സാധ്യമാകുമോയെന്ന് പി.എസ്.സി.-യുമായി ചർച്ചചെയ്ത് അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. അതിന്മേലുള്ള നടപടികൾ ഫയൽ നമ്പർ 16349/വൈ.എ.സി2/2023/ലെജി.-യിൽ സ്വീകരിച്ചുവരുന്നു.

പി.എസ്.സി-യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട ഹർജികളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ അവശ്യം ഉൾപ്പെടുത്തേണ്ട വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്താതെയാണ് സമിതിക്ക് സമർപ്പിച്ചുവരുന്നത്. അതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുമായി ബന്ധപ്പെട്ട് സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികൾ സമിതി പരിഗണിച്ച് റിപ്പോർട്ട് ആവശ്യപ്പെടുമ്പോൾ ടി ഹർജികളിൽ പരാമർശിക്കുന്ന വിഷയം പൊതുവായ വിഷയമായി പരിഗണിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകണമെന്ന് പാർലമെന്ററികാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**പി.എസ്.സി. മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിക്കുന്ന മിക്ക ഹർജികളിലും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നും, നിയമന നടപടികൾ സ്വീകരിക്കണമെന്നുമുള്ള ആവശ്യമാണ് ഹർജിക്കാർ പ്രാധനമായും ഉന്നയിക്കുന്നത്. അത്തരം ഹർജികളിന്മേലുള്ള നടപടി റിപ്പോർട്ട് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് സമിതിക്ക് ലഭ്യമാക്കുന്നതിൽ പല വകുപ്പുകളും വീഴ്ച വരുത്തുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും അക്കാര്യം സമിതിയുടെ 2022-ലെ ജനറൽ റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തിരുന്നു. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച് ഏറെക്കാലത്തിന് ശേഷം കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ ചട്ടപ്രകാരം സാധ്യമല്ല എന്ന മറുപടി നൽകുന്നതിൽ പ്രസക്തിയില്ല. മാത്രവുമല്ല പ്രസ്തുത നടപടി അനുചിതവും സമിതിയെ അവഹേളിക്കുന്നതിന് തുല്യവുമാണ്. ഒരു റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പ്രസ്തുത റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഹർജികളിന്മേലുള്ള നടപടി റിപ്പോർട്ട് പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ സമിതിക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത പുലർത്തേണ്ടതാണ്.**

**യുവജനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഹർജികളും നിവേദനങ്ങളും സമിതി സഗൗരവം പരിഗണിക്കുകയും അതിന്മേൽ ലഭിക്കുന്ന സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി നിർദേശങ്ങളും ശിപാർശകളും സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തുവരുന്നു. സമിതിയുടെ ഇത്തരത്തിലുള്ള ഇടപെടൽ മൂലം നിരവധി യുവജനങ്ങൾക്ക് പ്രയോജനം ലഭിച്ചതിൽ സമിതി**

**സംതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയുടെ സജീവ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുമെന്നും അതുവഴി യുവജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ കൂടുതൽ കാര്യക്ഷമമായി ഇടപ്പെട്ട് പരിഹാരം കാണുന്നതിന് സമിതിയ്ക്ക് സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.**

കെ.വി. സുമേഷ്

*അധ്യക്ഷൻ*

*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി*

തിരുവനന്തപുരം

*2024 ഒക്ടോബർ 14.*

**അനുബന്ധം**

<u>സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സമിതി നടപടി അവസാനിപ്പിച്ച ഫയലുകൾ</u>

1 വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. എ.കെ പ്രഭാകരൻ, എറണാകുളം സമർപ്പിച്ച ഹർജി.
(ഫ. നം. 15705/വൈ.എ.സി1/2012/ലെജി.)

2 കേരള ബാങ്കിലെ നിയമനം സംബന്ധിച്ച് ശ്രീ മുഹമ്മദ് കുഞ്ഞി സി. എച്ച്., കാസർഗോഡ് സമർപ്പിച്ച ഹർജി .
(ഫ. നം. 19558/വൈ.എ.സി1/2020/ലെജി.)

3 ഹയർസെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അനധികൃത നിയമനങ്ങൾ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് ശ്രീ അനിൽകുമാർ ജി., തിരുവനന്തപുരം സമർപ്പിച്ച ഹർജി.
(ഫ. നം. 17453/വൈ.എ.സി1/2016/ലെജി.)

4 സമിതി (2014-2016)-യുടെ ആറാമത് റിപ്പോർട്ട് ( സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സംബന്ധിച്ച് ) തുടർനടപടി സംബന്ധിച്ച് .
(ഫ. നം. 15644/വൈ.എ.സി1/2014/ലെജി.)

5 അസിസ്റ്റന്റ് സെയിൽസ്മാൻ സിവിൽ സപ്ലൈസ് - നിയമനം സംബന്ധിച്ച് ശ്രീ നൗഫൽ, വയനാട് സമർപ്പിച്ച ഹർജി.
(ഫ. നം. 20351/വൈ.എ.സി1/2020/ലെജി.)

6 സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. ഹാഷിം യു., വയനാട് സമർപ്പിച്ച ഹർജി.
(ഫ. നം. 20438/വൈ.എ.സി1/2020/ലെജി.)

7 പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ മാർക്ക് അറിയിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുമയ്യ ജെ., ആലപ്പുഴ സമർപ്പിച്ച ഹർജി.
(ഫ. നം. 20886/വൈ.എ.സി.1/2020/ലെജി.)

8 വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച് ഒരു കൂട്ടം ഉദ്യോഗാർഥികൾ സമർപ്പിച്ച ഹർജി.
(ഫ. നം. 21107/വൈ.എ.സി.1/2020/ലെജി.)

9 വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഇ. ജപദാസ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫ. നം. 15342/വൈ.എ.സി2/2012/ലെജി.)

10 വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. വി. രഘുനാഥൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫ. നം. 15535/വൈ.എ.സി2/2012/ലെജി.)

11 വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. സി.റ്റി. ജോർജ്ജ്, കോട്ടയം സമർപ്പിച്ച ഹർജി.

(ഫ. നം. 15539/വൈ.എ.സി2/2012/ലെജി.)

12 വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പി.സി. ജോൺ റോസ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫ. നം. 15134/വൈ.എ.സി2/2013/ലെജി.)

13 തിരുവനന്തപുരം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. അഭിജിത്ത് പി നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫ. നം. 20070/വൈ.എ.സി2/2020/ലെജി.)

14 കെ.പി.എസ്.സി. നടപ്പാക്കുന്ന പൊതുയോഗ്യത പരീക്ഷയിൽ നിന്ന് സാങ്കേതിക യോഗ്യതയുള്ള തസ്തികകളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ആര്യ മോഹൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫ. നം. 20786/വൈ.എ.സി2/2020/ലെജി.)

15 കെ.എസ്.ആർ.ടി.സി. മെക്കാനിക് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനങ്ങൾ നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ ഷൈജു, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫ. നം. 20826/വൈ.എ.സി2/2020/ലെജി.)

16 തൃശ്ശൂർ ജില്ലയിലെ ക്ലാർക്ക്, കാഷ്യർ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി ട്രീസ പി. റ്റി. , തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫ. നം. 20837/വൈ.എ.സി2/2020/ലെജി.)

17 എൽ.ഡി ടൈപ്പിസ്റ്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ പുനർ വിന്യാസം സംബന്ധിച്ച നടപടി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അബൂബക്കർ സിദ്ദീഖ് പി. കെ., മലപ്പുറം സമർപ്പിച്ച ഹർജി.

(ഫ. നം. 20844/വൈ.എ.സി2/2020/ലെജി.)

18 തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിയമനനടപടി ആവശ്യപ്പെട്ട് ശ്രീമതി ലേഖ പി. നായർ, ശ്രീമതി രശ്മി ആർ. പി., തിരുവനന്തപുരം എന്നിവർ സമർപ്പിച്ച ഹർജി.

(ഫ. നം. 20847/വൈ.എ.സി2/2020/ലെജി.)

19 അസിസ്റ്റന്റ് മാനേജർ എഫ് & എ അപ്പെക്സ് സൊസൈറ്റിസ് ഓഫ് കോപ്പറേറ്റീവ് സെക്ടർ ഇൻ കേരള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ രഞ്ജിത്ത് കുമാർ,തിരുവനന്തപുരം, ശ്രീമതി പ്രസീത കെ എസ്,എറണാകുളം ,ശ്രീ ബിജു , കോഴിക്കോട് എന്നിവർ സമർപ്പിച്ച ഹർജികൾ.

(ഫ. നം. 20881/വൈ.എ.സി2/2020/ലെജി.)

20 കെയർ ടേക്കർ (മെയിൽ ) തസ്തികയിലെ നിയമനം സംബന്ധിച്ച് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സമർപ്പിച്ച ഹർജി.

(ഫ. നം. 22620/വൈ.എ.സി2/2020/ലെജി.)

21 ക്ലിനിക്കൽ ഓഡിയോ മെട്രീഷ്യൻ തസ്തികയിൽ നിയമനനടപടി ആവശ്യപ്പെട്ട് ശ്രീമതി രഹന, കണ്ണൂർ സമർപ്പിച്ച ഹർജി.

(ഫ. നം. 20820/വൈ.എ.സി2/2020/ലെജി.)

22 കെയർടേക്കർ (മെയിൽ) തസ്തികയിലെ നിയമനം സംബന്ധിച്ച് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സമർപ്പിച്ച ഹർജി.

(ഫ. നം. 22620/വൈ.എ.സി2/2020/ലെജി.)

23 മിൽമയിലെ റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിംഗ് മെക്കാനിക്ക് ഗ്രേഡ് II തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ അനൂപ് എസ്, കൊല്ലം സമർപ്പിച്ച ഹർജി.

(ഫ. നം. 21196/വൈ.എ.സി2/2020/ലെജി.)

24 സമിതി (2019-2021)-യുടെ അഞ്ചാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

(ഫ. നം. 25725/വൈ.എ.സി3/2019/ലെജി.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.